പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1552** **04.12. 2015-** ലെ മറുപടി

**സംഘർഷ മേഖലകളിലുള്ള മലയാളികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. വർക്കല കഹാർ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ) വിദേശരാജ്യങ്ങളിലെ സംഘർഷ മേഖലകളിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;<br><br>ബി)എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | എ & ബി) വിദേശ രാജ്യങ്ങളിലെ കലാപ ബാധിതമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്നവർ/അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി നോർക്ക - റൂട്ട്സ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈനും കൺട്രോൾ റൂമും ഏർപ്പെടുത്തിയിട്ടുണ്ട്. 24 മണിക്കൂർ ഹെൽപ് ലൈൻ മുഖാന്തരം നാട്ടിൽ എത്തുവാൻ സഹായമഭ്യർത്ഥിക്കുന്നവരെ ഇന്ത്യൻ എംബസ്സിയും കേന്ദ്ര വിദേശകാര്യമന്ത്രാലയവും മുഖാന്തരം തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി)പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | സി) സംഘർഷ ബാധിത പ്രദേശങ്ങളിൽ നിന്നും മലയാളികളെ അടിയന്തിരമായി നാട്ടിലെത്തിക്കുന്നതിനുള്ള ചെലവുകൾക്കായി '2230 – 01 – 103 – 74- എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട്' എന്ന ശീർഷകത്തിൽ തുക വകയിരുത്തി പ്രസ്തുത പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ